**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1367** **18-01-2021 - ൽ മറുപടിയ്ക്ക്**

**കയ്യേറ്റഭൂമി തിരികെ പിടിയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും കണ്ണൻദേവൻ കമ്പനിയും കയ്യേറിയ ഏക്കറുകളോളം ഭൂമി ഒഴിപ്പിക്കാൻ സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്; ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ അനധികൃതകൈവശമുള്ള ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ ബഹു.ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. ഉടമസ്ഥത സ്ഥാപിക്കുന്നതിനു സർക്കാരിനോട് സിവിൽ കോടതിയെ സമീപിക്കുവാൻ ഉത്തരവായിട്ടുള്ളതിനാൽ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും കണ്ണൻ ദേവൻ കമ്പനിയുമുൾപ്പെടെ അനധികൃതമായി കൈവശം വച്ചിരിക്കുന്ന മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇതു സംബന്ധമായി ഐ.ജി. ശ്രീജിത്ത് നടത്തിയ അന്വേഷണത്തിൽ 75,000 ഏക്കറിലധികം സർക്കാർ ഭൂമി ഹാരിസൺ കമ്പനിയുടെ മാത്രം കൈവശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികൾ വിദേശ കമ്പനികൾക്കും പൗരൻമാർക്കും, തദ്ദേശിയർക്കും കർശന വ്യവസ്ഥകളോടെ പാട്ടമായും, ഗ്രാന്റായും നൽകിയ ഭൂമിയിലും, സ്വകാര്യ പാട്ട ഭൂമിയിലും യാതൊരുവിധ ഉടമസ്ഥതയും സ്ഥാപിക്കാതെ 1984 ൽ നിലവിൽ വന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് 1985, 2004, 2005 വർഷങ്ങളിൽ ആയിരക്കണക്കിനേക്കർ ഭൂമി വൻകിടക്കാർക്ക് വിൽപ്പന നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിതയായ ഡോ.നിവേദിത.പി.ഹരൻ ഐ.എ.എസിന്റെ നേതൃത്വത്തിലുള്ള ഹൈലെവൽ കമ്മിറ്റി, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ഹാരിസൺസ് കമ്പനി 76,769.80 ഏക്കർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം |

| | | | |
|---|---|---|---|
| | | | ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ 1947ന് മുൻപ് വിദേശകമ്പനികൾ കൈവശം വച്ചിരുന്ന ആയിരക്കണക്കിനേക്കർ ഭൂമി ട്രാവൻകൂർ റബ്ബർ & ടീ കമ്പനിയും സമാനമായ മറ്റുള്ളവരും അനധികൃതമായി കൈവശം വയ്ക്കുന്നതായി ഐ.ജി എസ്.ശ്രീജിത്ത് IPS റിപ്പോർട്ട് ചെയ്തിരുന്നു. |
| (സി) | എങ്കിൽ ഈ ഭൂമി തിരിച്ചു പിടിക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്നും എന്തൊക്കെ നടപടികൾ ഇനി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് 8 ജില്ലകളിൽ ഹാരിസൺ മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഈ നിയമത്തിലെ സെക്ഷൻ 15-ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി ശ്രീ.എം.ജി.രാജമാണിക്യം ഐ.എ.എസി-നെ 25.04.2013-ലെ ജി.ഒ(എം.എസ്സ്)161/2013/ ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. ടി കമ്പനികൾ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് KLC ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ബഹു.ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. 11.04.2018-ൽWP(c)33122/2014&Ors കേസുകളിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ കെ.എൽ.സി ആക്ട് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിനുള്ള ജൂറിസ്ഡിക്ഷൻ ഇല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദ് ചെയ്യുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ 17.09.2018-ൽ വിശദമായ വാദം കേൾക്കാതെ തന്നെ തള്ളുകയാണുണ്ടായത്. ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽ നിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശം |

| | | | |
|---|---|---|---|
| | | | വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനും അതിന് അവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകികൊണ്ടും കേരള ലാന്റ് ടാക്സ് ആക്ട് പ്രകാരം "ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ വിധിക്കു വിധേയം" എന്ന വ്യവസ്ഥയോടെ ഭൂമിയുടെ കരം സ്വീകരിക്കുന്നതിനും റീപ്ലാന്റ് ചെയ്യുന്നതിനായി പ്രായംചെന്ന റബ്ബർ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകികൊണ്ടും 06.06.2019 ൽ സ.ഉ(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം കോട്ടയം ജില്ലയിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചിരുന്നതും 2005 ൽ ഗോസ്പൽ ഫോർ ഏഷ്യയ്ക്ക (അയനാ ചാരിറ്റബിൾ ട്രസ്റ്റ്) വിൽപ്പന നടത്തിയിട്ടുള്ളതുമായ 2263 ഏക്കർ ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് പാലാ സബ് കോടതിയിൽ OS72/2019 ഉം കൊല്ലം ജില്ലയിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് വിൽപ്പന നടത്തിയിട്ടുള്ളതും നിലവിൽ റിയ റിസോർട്ട്സ് & പ്രോപ്പർട്ടീസിന്റെ കൈവശമുള്ളതുമായ 206 ഏക്കർ തോട്ടം ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി പുനലൂർ സബ് കോടതി മുമ്പാകെ OS 10/2020 ഉം, പത്തനംതിട്ട ജില്ലയിൽ ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള 9293 ഏക്കർ ഭൂമിക്കെതിരെ പത്തനംതിട്ട സബ് കോടതിയിൽ OS47/2020ഉം, ഇടുക്കി-കോട്ടയം ജില്ലകളിലായി ട്രാവൻകൂർ റബ്ബർ & ടീ കമ്പനിയുടെ കൈവശമുള്ള 7373.67 ഏക്കർ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി കട്ടപ്പന സബ്കോടതി മുമ്പാകെ OS 56/2020 ഉം ടൈറ്റിൽ കേസുകൾ നിലവിൽ സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിലും ടൈറ്റിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ